**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **18-09-2025 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | **കാരിച്ചാൽ കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിയുടെ ബാലൻസ് വർക്ക് എസ്റ്റിമേറ്റിലെ 80 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബ്രിഡ്ജിന്റെ 53.4 മീറ്റർ വരുന്ന deck slab കൈവരികൾ ഉൾപ്പെടെ കോൺക്രീറ്റിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചെക്ക്ഡാമിന്റെ ഏപ്രോണിന്റെ ഗാബിയോൺ ബോക്സ് സ്ഥാപിക്കുന്ന പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ബണ്ട് റോഡുകളുടെ സംരക്ഷണത്തിനായുള്ള cantilever retaining wall 235 മീറ്ററിൽ 230 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡുകളുടെ നിർമ്മാണം നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.** |
| (ബി) | പദ്ധതി സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിക്ക് വേണ്ടി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.** |
| (സി) | അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | **ഉത്തരം (ബി ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (ഡി) | ടി പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാനാകും; വ്യക്തമാക്കാമോ? | (ഡി) | **നൂറടിതോട്ടിൽ സ്ഥിതി ചെയ്യുന്ന പ്രവൃത്തി സ്ഥലം പാടങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നതിനാൽ കാലാവസ്ഥ വ്യതിയാനങ്ങൾ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. കാലാവസ്ഥ അനുകൂലമാകുകയാണെങ്കിൽ 2025 ഡിസംബർ മാസത്തിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ